LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് 1993-ൽ നിലവിൽ വന്നു.

(ബി) പ്രസ്തുത കോളേജിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, സിവിൽ എന്നീ ബ്രാഞ്ചുകൾ ഉണ്ട്. ഈ വർഷം പുതിയ കോഴ്സുകൾ ഒന്നും ആരംഭിച്ചിട്ടില്ല.

(സി) ടി കോളേജിൽ വിവിധ ബ്രാഞ്ചുകളിലായി 1553 കുട്ടികൾ പഠിക്കുന്നുണ്ട്. 77 അദ്ധ്യാപകരും 57 അനദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

(ഡി) കോളേജിന് മാത്രമായി ഒരു ഗവേണിംഗ് ബോഡി ഇല്ല. എൽ.ബി.എസ്. സെന്ററിനും കോളേജുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ഒരു ഗവേണിംഗ് ബോഡി നിലവിലുണ്ട്. ടി ഗവേണിംഗ് ബോഡി അവസാനമായി ചേർന്നത് 29-12-2004-ൽ ആണ് ഗവേണിംഗ് ബോഡിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു പദ്ധതി ഒരു മാസത്തിനകം തയ്യാറാക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടറെ ചുമതലപ്പെടുത്തുകയും സിവിൽ എഞ്ചിനീയറിംഗ് ബ്ലോക്കിന് ഒരു നിലകൂടി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് താലൂക്കിലെ എൽ.ബി.എസ്. സെന്റർ

68 (3816) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിലെ എൽ.ബി.എസ്. സെന്റർ എന്നാണ് നിലവിൽ വന്നത് എന്നും പ്രസ്തുത സെന്ററിൽ എത്ര ജീവനക്കാരുണ്ടെന്നും പ്രതിവർഷം എത്ര വിദ്യാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത എൽ.ബി.എസ്. സെന്റർ കൂടുതൽ സൗകര്യപ്രദമായതും തൊട്ടടുത്ത് ഒഴിഞ്ഞ് കിടക്കുന്നതുമായ എ.ഇ.ഒ. ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ബി.എസ്-ന്റെ കാസർഗോഡ് ഉപകേന്ദ്രം 1992 ലാണ് നിലവിൽ വന്നത്. ടി സെന്ററിൽ നിലവിൽ 3 ജീവനക്കാർ കരാർ അടിസ്ഥാനത്തിലും ഒരു ജീവനക്കാരൻ ഗസ്റ്റായും ജോലി നോക്കിവരുന്നു. പ്രതിവർഷം ശരാശരി 94 വിദ്യാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എൽ.ബി.എസ്. സെന്ററിന് സമീപമുള്ള എ.ഇ.ഒ. ആഫീസ് കെട്ടിടം സർവ്വ ശിക്ഷാ അഭിയാൻ കോൺഫറൻസ് ഹാളായി ഇപ്പോൾ ഉപയോഗിക്കുന്നതിനാൽ സെന്റർ ടി ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നിർവ്വാഹമില്ല.

പുതിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

69 (3817) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും എത്ര വിദ്യാർത്ഥികളെ വീതമാണ് പ്രവേശിപ്പിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിലെ അഡ്മിഷൻ രീതി, ഓരോ കോഴ്സിനുമുള്ള ഫീസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകി ; ഈ കോഴ്സുകൾക്കുള്ള അഡ്മിഷൻ രീതിയും ഫീസ് ഘടനയും എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ ഈ വർഷം 9 അപ്ലൈഡ് സയൻസ് കോളേജുകൾ സ്വാശ്രയാടിസ്ഥാനത്തിൽ ആരംഭിക്കുകയുണ്ടായി. കൂടാതെ അനർട്ടും ഐ.എച്ച്.ആർ.ഡി.യും സംയുക്തമായി ഒരു മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക് ആരംഭിച്ചിട്ടുണ്ട്. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.കോം. വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്കാണ് അപ്ലൈഡ് സയൻസ് കോളേജുകളിൽ പ്രവേശനം അനുവദിച്ചിരിക്കുന്നത്. ബി.എസ്.സി. ഇലക്ട്രോണിക്സിന് 193-ഓളം വിദ്യാർത്ഥികളെയും ബി.എസ്.സി. കമ്പ്യൂട്ടർ സയൻസിന് 232-ഓളം വിദ്യാർത്ഥികളെയും ബി. കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷന് 300-ഓളം വിദ്യാർത്ഥികളെയും ബി.എ.ലിറ്ററേച്ചറിന് 30-ഓളം വിദ്യാർത്ഥികളെയും പ്രവേശിപ്പിക്കുന്നതാണ്. മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ് (വാട്ടർ റിസോഴ്സ് മാനേജ്മെന്റ്), സിവിൽ എഞ്ചിനീയറിംഗ് (എൻവയോൺമെന്റ് സയൻസ്) എന്നീ കോഴ്സുകൾക്ക് 30 വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. എൽ.ബി.എസ്. സെന്ററിനു കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ ഒന്നും ആരംഭിച്ചിട്ടില്ല. കേരള സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം തുടങ്ങിയ കോഴ്സുകളും അനുവദിച്ച സീറ്റിന്റെ എണ്ണവും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എം.ജി സർവ്വകലാശാല, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവിടങ്ങളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly